"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം.ഡിസി1/71/2020/ത.സ്വ.ഭ.വ.
തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26/03/2020

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - കോവിഡ്-19 പടർന്നു പിടിക്കുവാനുള്ള സാധ്യത - പ്രതിരോധ നടപടികൾ - പരിസര ശുചിത്വ പ്രവർത്തനങ്ങൾ സംബന്ധിച്ച്

സൂചന:- 1. 14/03/2020-ലെ സ.ഉ.(സാധാ) നം. 620/2020/ത.സ്വ.ഭ.വ

2. 20/03/2020-ലെ സ. ഉ.(കൈ) നം. 55/2020/ത.സ്വ.ഭ.വ.

3. 23/03/2020-ലെ സ. ഉ.(കൈ) നം. 49/2020/പൊ.ഭ.വ.

4. 25/03/2020-ലെ സ. ഉ.(സാധാ) നം. 710/2020/ത.സ്വ.ഭ.വ.

സൂചന (1), (2) & (4) പ്രകാരം സംസ്ഥാനത്ത് കൊറോണ വൈറസ് ബാധ (കോവിഡ്-19) പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൊറോണ വൈറസ് ബാധ നിയന്ത്രണ വിധേയമാക്കുന്ന ത്തിനായി 14/04/2020 രാത്രി 12 മണി വരെ കേന്ദ്ര സർക്കാർ രാജ്യത്ത് Lock Down പ്രഖ്യാപിച്ചിട്ടുണ്ട്.

2. കോവിഡ്-19 ന്റെ സാമൂഹ്യ വ്യാപനം തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ 'ബ്രേക്ക്-ദ-ചെയിൻ' എന്ന സാമൂഹ്യ അകലം പാലിക്കൽ പ്രോട്ടോക്കോൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജനങ്ങൾക്കിടയിൽ 'ബ്രേക്ക്-ദ-ചെയിൻ' പ്രോട്ടോക്കോൾ സംബന്ധിച്ചും വ്യക്തി ശുചിത്വം പാലിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ചും ബോധവൽക്കരണം നടത്തുന്നതിന് സൂചന(2) പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വൈറസ് ബാധ പ്രതിരോധിക്കുന്നതിന് വ്യക്തി ശുചിത്വം പോലെ തന്നെ ഗൃഹ ശുചിത്വത്തിനും പരിസര ശുചിത്വത്തിനും നിർണ്ണായകമായ പങ്കാണുള്ളത്. സംസ്ഥാനത്ത് മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്ക് ഗണനീയമായ പ്രാധാന്യം നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധാപൂർവ്വമായ ഇടപെടൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്. ഇതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു:-

i. കേന്ദ്രീകൃത ജൈവ മാലിന്യ സംസ്ക്കരണ സംവിധാനം ഇല്ലാത്ത സ്ഥലങ്ങളിൽ അഴുകുന്ന ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ

സംസ്കരിക്കുന്നതിന് എല്ലാ വീട്ടുകാരും സ്ഥാപനങ്ങളും നടപടിയെടുക്കണം. ഇതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടർച്ചയായ നിർദ്ദേശം നൽകി മോണിറ്റർ ചെയ്യണം. പൊതു സ്ഥലത്തെ ജൈവ മാലിന്യങ്ങൾ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ നേരിട്ട് യഥാസമയം സംസ്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ii. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം എന്ന പോലെ എല്ലാ ആഴ്ചയിലും വീട്ടും പരിസരവും വൃത്തിയാക്കുന്നത് എല്ലാ വീട്ടുകാരും സ്വന്തം ഉത്തരവാദിത്തമാക്കണം. ഇതിനുള്ള നിർദ്ദേശം കൂടി കോവിഡ്-19 പ്രധിരോധത്തിനുള്ള വ്യക്തി ശുചിത്വ ബോധവൽക്കരണത്തോടൊപ്പം നൽകണം.

iii. വീട്ടിലുള്ള ഏതൊരംഗവും ഏതു സമയം പുറത്തു പോയി വന്നാലും വീട്ടിൽ പ്രവേശിക്കുന്നതിന് മുൻപേ സോപ്പ് ഉപയോഗിച്ച് കൈ കഴുകി വൃത്തിയാക്കണമെന്ന നിർദ്ദേശം നൽകണം

iv. അഴുകാത്ത അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ഹരിതകർമ സേനാ പ്രവർത്തനങ്ങളും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) എന്നിവയുടെ പ്രവർത്തനങ്ങളും താൽക്കാലികമായി തടസ്സപ്പെട്ട സാഹചര്യത്തിൽ അജൈവ മാലിന്യം ശേഖരിച്ചു വച്ചിട്ടുള്ള കേന്ദ്രങ്ങളിൽ നിന്ന് പരിസര മലിനീകരണം ഉണ്ടാകാതെ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത കേന്ദ്രങ്ങളിൽ ശേഖരിച്ചിട്ടുള്ള വസ്തുക്കൾ അണുവിമുക്തമാക്കുന്നതിനുള്ള സ്പ്രേയിംഗ് നടത്തേണ്ടതാണ്. പൊതു നിയന്ത്രണ നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് അവ ക്ലീൻ കേരള കമ്പനി മുഖേന നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, റിസോഴ്സ് റിക്കവറി ഫെസിലിറ്റി എന്നിവയുടെ പ്രവർത്തനം പുനഃസ്ഥാപിച്ച് ഹരിത കർമ്മ സേന അജൈവ മാലിന്യ ശേഖരണം തുടങ്ങുന്നത് വരെ വീട്ടുകളിലും സ്ഥാപനങ്ങളിലും അജൈവ മാലിന്യം വൃത്തിയാക്കി സൂക്ഷിച്ചു വയ്ക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനാവശ്യമായ നിർദ്ദേശം നൽകണം.

v. ഓരോ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ പ്രാദേശത്തും പൊതു സ്ഥലങ്ങളിൽ ഉള്ള (ബസ് സ്റ്റാൻഡ്, പച്ചക്കറി മാർക്കറ്റ്, മൽസ്യ മാർക്കറ്റ്, സർക്കാർ ഓഫീസ്, സർക്കാർ ആശുപത്രികൾ മുതലായവ) ജൈവ മാലിന്യം ഇടതടവില്ലാതെ നീക്കം ചെയ്തു വൃത്തിയാക്കുന്നതിനും ആവർത്തിച്ചു അണുവിമുക്തമാക്കുന്നതിനുള്ള ക്ലോറിനേഷനും ഡിസ്ഇൻഫെക്ഷൻ സ്പ്രേയിംഗും നടത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടിയെടുക്കണം. ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി വൃത്തിയാക്കി അണുവിമുക്തമാക്കണം. മാർക്കറ്റുകളും ഹോട്ട്സ്പോട്ടുകളും അണുവിമുക്തമാക്കുന്നതിന് ഫയർ ഫോഴ്സിന്റെ സേവനം കൂടി തേടാവുന്നതാണ്.

vi. രോഗബാധയുള്ളവർ, രോഗികളുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നവർ, ശുചീകരണ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവർ ഉപയോഗിച്ച മാസ്ക്കുകൾ, കൈയ്യുറകൾ എന്നിവ അതാത് ഇടത്ത് (വീട്ടുകൾ/സ്ഥാപനങ്ങൾ) ആരോഗ്യ വകുപ്പ് നിർദേശിച്ചിട്ടുള്ള പ്രകാരം അണുവിമുക്തമാക്കി നശിപ്പിക്കുന്നതിന് വേണ്ട നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.

vii. ക്വാറന്റൈൻ കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന ബയോ മെഡിക്കൽ മാലിന്യം പ്രത്യേകമായി ശേഖരിച്ചു സംസ്കരിക്കുന്നതിന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

viii. വാർഡ് തലത്തിൽ രൂപീകരിക്കുന്ന കമ്മ്യൂണിറ്റി ഗ്രൂപ്പുകൾ വാർഡിലെ ശുചിത്വ പ്രശ്നങ്ങൾ

നിർണ്ണയിച്ച് അവ പ്രാദേശികമായി തന്നെ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അതിനു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വേണ്ട പിന്തുണ നൽകേണ്ടതുമാണ്.

3.വ്യക്തി, ഗാർഹിക, പരിസര ശുചിത്വം കാത്തുസൂക്ഷിക്കുന്നത് നമ്മുടെ സംസ്കാരമായി മാറ്റുന്നതിലൂടെ മാത്രമേ ഗുരുതരമായ പകർച്ച വ്യാധികൾ ഒഴിവാക്കാൻ കഴിയുകയുള്ളൂ എന്ന സന്ദേശം ഈ ഘട്ടത്തിൽ ഓരോ പൗരനിലും എത്തിക്കുന്നതിനുവേണ്ട എല്ലാ സാമൂഹികതല പ്രവർത്തനങ്ങൾക്കും ത്രിതല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും നടപടി സ്വീകരിക്കേണ്ടതാണ്.

4.പ്രസ്തുത പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുന്നതിനുള്ള ഔദ്യോഗിക ഉത്തരവാദിത്തം അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് ആയിരിക്കും. പരിസര ശുചിത്വ പ്രവർത്തനങ്ങൾക്കുള്ള സാങ്കേതിക പിന്തുണ ജില്ലാ ശുചിത്വ മിഷൻ ലഭ്യമാക്കേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ട് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം
മിഷൻ ഡയറക്ടർ ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
ചീഫ് എഞ്ചനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൌൺ പ്ലാനർ, നഗരഗ്രാമാസൂത്രണ വകുപ്പ്
ഡയറക്ടർ ജനറൽ, കില
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

പകർപ്പ്:-

ബഹു. തദ്ദേസ്വയംഭരണ വകുപ്പ് മന്ത്രിയുടെ P.S-ന്

തദ്ദേസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ P.A-യ്ക്ക്

തദ്ദേസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ C.A-യ്ക്ക്